(6) മണ്ണെണ്ണ, സോപ്പ്, പിലയിനം കടലാസുകൾ മുതലായവയുടെ വിലനിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് 1963—ൽ കേന്ദ്രഗവണ്മെൻറ് അവശ്യസാധനവില നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചു.

(7) പഞ്ചസാര നിശ്ചിതവിലയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് പഞ്ചസാര നിയന്ത്രണ ഉത്തരവ് 1963—ൽ കേന്ദ്രഗവണ്മെൻറ് പുറപ്പെടുവിച്ചു.

(8) റോളർ മില്ലുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഗോതമ്പുൽപ്പന്നങ്ങളുടെ വില നിജപ്പെടുത്തിക്കൊണ്ട് 1964 മാർച്ചിൽ കേന്ദ്രഗവണ്മെൻറ് ഗോതമ്പ് ഉല്പന്നവിലനിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചു.

(9) വ്യാപാരികൾ അമിതമായി ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതിന് ഭക്ഷ്യധാന്യങ്ങൾക്ക് നൽകുന്ന ബാങ്ക് അഡ്വാൻസ് നിരക്ക് 1964 ആഗസ്റ്റിൽ റിസർവ്വ് ബാങ്ക് ഭേദഗതി ചെയ്തു.

(10) ഈ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് കൂടുതൽ സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ട്.

(ബി) ഒരു കച്ചവടക്കാരന്റെ പഞ്ചസാരക്കാർഡ് കളക്ടർ സസ്പെൻറ് ചെയ്തു. അപ്പീൽ ഗവണ്മെൻറിൽതന്നെതന്നെസരിച്ച് തൽക്കാലം കളക്ടറുടെ സസ്പെൻഷൻ ഉത്തരവ് സ്റ്റേ ചെയ്തു.

(സി) കരിഞ്ചന്ത അവസാനിപ്പിക്കുവാനുള്ള ചില നടപടികൾ ഇപ്പോൾതന്നെ എടുത്തുകഴിഞ്ഞിട്ടുണ്ട് കൂടുതൽ നടപടികൾ ആവശ്യാനുസരണം സ്വീകരിക്കുന്നതാണ്.

രഹസ്യരേഖകൾ പ്രസിദ്ധപ്പെടുത്തിയതിന് സർക്കാർ നടപടികൾ

വിധേയരായവർ

*43. [64] ശ്രീ. സി എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് രഹസ്യരേഖകൾ പ്രസിദ്ധപ്പെടുത്തിയതിന്റെ പേരിൽ 1964 ജൂലായ് ആഗസ്റ്റ് മാസങ്ങളിൽ എത്രപേരുടെ മേൽ സർക്കാർ നടപടികൾ സ്വീകരിച്ചു ;

(ബി) ആരെല്ലാം പ്രസ്തുത നടപടികൾക്ക് വിധേയരായി ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 'നവജീവൻ,' 'ജനയുഗം' എന്നീ ദിനപ്പത്രങ്ങളുടെ എഡിറ്റർ പ്രിൻറർ പബ്ലീഷർ കറസ്പോണ്ടൻറ്സ് എന്നിവരുടെ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സർവ്വശ്രീ കെ. കെ. വാരിയർ, ടി. കെ. ജി. നായർ, ശങ്കരൻ ഇളയതു്, കാമ്പിശ്ശേരി കരുണാകരൻ, ചക്കുർ തെക്കേതിൽ ബാലകൃഷ്ണൻ. സി. ആർ. എൻ. പിഷാരടി എന്നീ ആറുപേരെ ഇതിനകം അറസ്റ്റുചെയ്തു ജാമ്യത്തിൽ വിട്ടിട്ടുണ്ട്.

കണ്ടിജൻസി ജീവനക്കാർ.

*44. [65] ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പരിയാരം സാനിട്ടോറിയത്തിലെ ജീവനക്കാരിൽ എത്രപേർ കണ്ടിജൻസിക്കാരായിട്ടുണ്ട് ;

(ബി) അവർക്ക് കുറേ മാസങ്ങളായി ശമ്പളം കൊടുക്കാതിരിക്കുന്നതിനു കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly